**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5420** **03-11-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാറിയർ പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളികളായ പോലീസുകാർക്ക് സംസ്ഥാന പോലീസ് മേധാവിയുടെ കോവിഡ് വാറിയർ ( Covid warrior) പുരസ്കാരം എന്ന പേരിൽ ഒരു ബാഡ്ജ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കോവിഡ് 19 മഹാമാരിയുടെ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ജോലികളിൽ കുറഞ്ഞത് 30 ദിവസമെങ്കിലും നേരിട്ട് പങ്കെടുത്ത പോലീസ് ഉദ്യോഗസ്ഥരെ അനുമോദിച്ചുകൊണ്ട് ‘കോവിഡ് വാറിയർ പിൻ’ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബഡ്ജിനായി പോലീസുകാരിൽ നിന്നും 100 രൂപ ഈടാക്കിയിട്ടുണ്ടോ; അല്ലെങ്കിൽ 100 രൂപ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | ഇല്ല. അർഹരായ ഉദ്യോഗസ്ഥർക്ക് സൗജന്യമായാണ് ‘കോവിഡ് വാറിയർ പിൻ’ അനുവദിക്കുന്നത്. |
| (സി) | പ്രസ്തുത ബാഡ്ജ് സൗജന്യമായാണോ നൽകുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. അർഹരായ ഉദ്യോഗസ്ഥർക്ക് സൗജന്യമായാണ് ‘കോവിഡ് വാറിയർ പിൻ’ അനുവദിക്കുന്നത്. |
| (ഡി) | സംസ്ഥാനത്ത് പ്രസ്തുത പുരസ്കാര ബാഡ്ജ് എത്ര പോലീസുകാർക്ക് വിതരണം ചെയ്തുവെന്നും ഇനി എത്ര പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ; | (ഡി) | അർഹരായ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനായി 5000 ‘കോവിഡ് വാറിയർ പിൻ’ വിവിധ യൂണിറ്റ് മേധാവികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് അർഹരായ പോലീസ് ഉദ്യോഗസ്ഥർക്ക് ‘കോവിഡ് വാറിയർ പിൻ’ അനുവദിക്കുന്നതാണ്. കോവിഡ്-19 ന്റെ വ്യാപനം ഇനിയും പൂർണ്ണമായും അവസാനിക്കാത്തതിനാൽ എത്ര പേർക്ക് കൂടി നൽകേണ്ടതായി വരുമെന്ന കാര്യം കണക്കാക്കാൻ കഴിയുകയില്ല. |
| (ഇ) | പ്രസ്തുത പുരസ്കാര ബാഡ്ജിന് എത്ര രൂപ ചെലവഴിച്ചുവെന്നും പ്രസ്ഇത തുക എത് ഇനത്തിൽ നിന്നുമാണ് ചെലവഴിച്ചത് എന്നും വ്യക്തമാക്കാമോ? | (ഇ) | കോവിഡ് വാറിയർ ബാഡ്ജിനായി പോലീസ് വെൽഫെയർ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ